## പതിമൂന്നാം കേരള നിയമസഭ

## പന്ത്രണ്ടാം സമ്മേളനം

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.4328 17.12.2014-ൽ മറുപടിക്ക്**

## താലൂക്ക് ആശുപത്രികളിൽ കാഷ്വാലിറ്റി സൗകര്യം

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.സണ്ണി ജോസഫ് | ശ്രീ.വി.എസ്.ശിവകുമാർ<br>(ആരോഗ്യവും കുടുംബക്ഷേമവും ദേവസ്വവും വകുപ്പ് മന്ത്രി) |
| പേരാവൂരിലെ ഉൾപ്പെടെയുള്ള കാഷ്വാലിറ്റി സൗകര്യങ്ങളില്ലാത്ത താലൂക്ക് ആശുപത്രികളിൽ ആയത് ഏർപ്പെടുത്തുമെന്ന് 2013 -ലെ ബഡ്ജറ്റ് പ്രഖ്യാപനത്തിൽ സൂചിപ്പിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ആയത് നടപ്പിലാക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാം; പ്രഖ്യാപന പ്രകാരം കാഷ്വാലിറ്റി സംവിധാനം സമയ ബന്ധിതമായി നടപ്പിലാക്കുവാൻ നടപടി സ്വീകരിക്കുമോ? | കാഷ്വാലിറ്റി സൗകര്യങ്ങളില്ലാത്ത 31 താലൂക്ക് ആശുപത്രികളിൽ ആയത് ഏർപ്പെടുത്തുമെന്ന് 2013-ലെ ബഡ്ജറ്റിൽ പ്രഖ്യാപിച്ചിട്ടുണ്ട്. ആയത് നടപ്പിലാക്കുന്നതിലേക്കായി 4 അസിസ്റ്റന്റ് സർജൻ വീതം 31 താലൂക്കാശുപത്രികളിൽ പേരാവൂർ താലൂക്കാശുപത്രി ഉൾപ്പടെ 124 അസിസ്റ്റന്റ് സർജൻ തസ്തിക സൃഷ്ടിക്കുന്നതിനുള്ള പ്രൊപ്പസൽ ആരോഗ്യ വകുപ്പ് ഡയറക്ടർ സമർപ്പിച്ചിരുന്നെങ്കിലും സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുകൂലമല്ലാത്തതിനാൽ അധിക ജോലി ഭാരമില്ലാത്ത ആശുപത്രികളിൽ നിന്നും ഡോക്ടർമാരെ പുനർവിന്യസിക്കുന്നതിന് ആരോഗ്യ വകുപ്പ് ഡയറക്ടർക്ക് നിർദ്ദേശം നൽകുകയാണുണ്ടായത്. ആരോഗ്യ വകുപ്പ് ഡയറക്ടർ വീണ്ടും ഒരു പ്രൊപ്പോസൽ സർക്കാരിന് സമർപ്പിച്ചിരുന്നെങ്കിലും പ്രസ്തുത വിഷയത്തിന് ഒരു സാമ്പത്തിക വർഷത്തേക്ക് 1,67,60,447.66/- (ഒരു കോടി, അറുപത്തി ഏഴ് ലക്ഷത്തി അറുപതിനായിരത്തി നാനൂറ്റി നാൽപ്പത്തി ഏഴ് രൂപ അറുപത്തി ആറ് പൈസ) രൂപയുടെ അധിക ബാധ്യത ഉണ്ടാകുമെന്നതിനാൽ പരിഗണിക്കുവാൻ നിർവ്വാഹമില്ലെന്ന് ആരോഗ്യ വകുപ്പ് ഡയറക്ടറെ അറിയിക്കുകയും ചെയ്തു. സർക്കാരിന്റെ ധനസ്ഥിതി മെച്ചപ്പെടുന്ന മുറക്ക് മാത്രമേ ഈ വിഷയത്തിൽ തീരുമാനമെടുക്കാൻ സാധിക്കുകയുള്ളൂ. |

സെക്ഷൻ ഓഫീസർ